## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.692 — 28.02.2018 ന് മറുപടിയ്ക്ക്.

## പരിസ്ഥിതിലോല പ്രദേശങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പരിസ്ഥിതിലോല പ്രദേശങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുന്ന വിഷയത്തിൽ ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) 1980-ലെ വനസംരക്ഷണ നിയമം, 1972-ലെ വന്യജീവി (സംരക്ഷണ) നിയമം എന്നിവയിൽ നിഷ്കർഷിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി അതീവ പ്രാധാന്യം നൽകി പരിസ്ഥിതിലോല പ്രദേശങ്ങളും വന്യജീവി സങ്കേതങ്ങളും സംരക്ഷിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. |
| (ബി) സംസ്ഥാനത്തെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയം നടത്തുന്നതു സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (സി) ഈ പ്രദേശത്തെ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (സി) റവന്യൂ വകുപ്പിൽ നിന്ന് സർവ്വെ നടപടികൾ പൂർത്തീകരിച്ച് സെറ്റിൽമെന്റ് പ്രവർത്തനങ്ങൾ തീർപ്പാക്കിയാൽ മാത്രമേ കയ്യേറ്റങ്ങൾ ഉണ്ടോ എന്ന് കണ്ടെത്തുവാനും, കയ്യേറ്റങ്ങൾ കണ്ടെത്തുന്ന പക്ഷം ഒഴിപ്പിക്കുവാനും സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ